ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസിന് ടാലന്റ് റെക്കോർഡ് ബുക്ക് അവാർഡ്

തൃശൂർ: ടാലന്റ് റെക്കോർഡ് ബുക്കിന്റെ നാഷണൽ അവാർഡ് സ്വന്തമാക്കി ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസ്. തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ കീഴിലുള്ള ശ്രീ ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റിയുടെ 25 ശാഖകൾ കേരളത്തിലെ 14 ജില്ലകളിലായി ഒരേ ദിവസം ഒരേ സമയം ഉദ്ഘാടനം ചെയ്തതിനാണ് ശ്രീ ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റിക്ക് ടാലന്റ് റെക്കോർഡ് ബുക്കിന്റെ നാഷണൽ അവാർഡ് ലഭിച്ചത്. ഇന്ത്യയിൽ തന്നെ ഇത് ആദ്യമായാണ് ഒരു സ്ഥാപനം ഒരേ ദിവസം ഒരേ സമയം 25 ശാഖകൾ ഉദ്ഘാടനം ചെയ്തത്.

Since 1991
Dhanalakshmi™
Hire Purchase & Leasing Ltd
Non Banking Financial Company (NBFC)

14ന് വൈകീട്ട് 4ന് തൃപ്പൂണിത്തുറയിലെ ക്ലാസിക് ഫോർട്ട് റിസോർട്ടിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് നൽകുകും. ടാലന്റ് റെക്കോർഡ് ബുക്ക് അഡ്ജുഡിക്കേറ്ററും സംസ്ഥാന പ്രസിഡന്റുമായ ഗിന്നസ് സത്താർ അദൂർ, ഉഗ്രം ഉജ്ജ്വലം ഫെയിം ഡോ.വിന്നർ ഷെരീഫ് എന്നിവർ പങ്കെടുക്കും. കഴിഞ്ഞ ആഗ.24നാണ് ശ്രീ ധനലക്ഷ്മി മൾട്ടി സ്റ്റേറ്റ് അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റിയുടെ 25 ശാഖകൾ ഒരേ ദിവസം ഒരേ സമയത്ത് കേരളത്തിലെ 14 ജില്ലകളിൽ ഉദ്ഘാടനം ചെയ്ത് ഉദ്ഘാടന ദിവസം കസ്റ്റമർ മീറ്റും കസ്റ്റമേഴ്സിന് ഓണക്കോടി വിതരണവും വനിതകൾക്ക് 1000ഓളം തയ്യൽ മെഷീനുകളുടെ സൗജന്യ വിതരണവും നിർധനരായ കുടുംബങ്ങൾക്ക് 250 ആട്ടിൻകുട്ടികളുടെ സൗജന്യ വിതരണവും നടത്തിയിരുന്നു.

14ന് നടക്കുന്ന പുരസ്കാരദാന ചടങ്ങിൽ നിർധനരായ 5 പേർക്ക് തയ്യൽ മെഷീനുകളും 5 പേർക്ക് വീൽചെയറുകളും 100ഓളം പേർക്ക് അരി കിറ്റുകളും ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് 25 പേർക്ക് ഗ്ലൂക്കോമീറ്ററും സ്ട്രിപ്പും നൽകും. ശിശുദിനത്തോടനുബന്ധിച്ച് 14ന് കേരളത്തിലെ 14 ജില്ലകളിൽ ഓരോ ജില്ലയിൽ ഓരോ സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് തേക്കിൻ തൈകളും കുഞ്ഞുടുപ്പുകളും നൽകാൻ ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസ് തീരുമാനിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ തന്നെ നിലവിൽ 93 ശാഖകളുള്ള ധനലക്ഷ്മി ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡിസംബറിൽ 100 ബ്രാഞ്ചുകളെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സുസജ്ജമാണ്. 100 ബ്രാഞ്ചുകൾ പൂർത്തിയാകുന്ന ദിവസം തിരുവനന്തപുരം വെങ്ങാന്നൂർ ശ്രീ പൗർണമിക്കാവ് ക്ഷേത്രസന്നിധിയിൽ 100 ആദിവാസി യുവതികളുടെ വിവാഹം നടത്തി കൊടുക്കും.

അതിരൂപത മാധ്യമ ദിനം നാളെ

തൃശൂർ: അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അതിരൂപത മാധ്യമ ദിനാഘോഷം തൃശൂർ സെന്റ് തോമസ് കോളെജ് മെഡിലിക്കോട്ട് ഹാളിൽ നാളെ ഉച്ച തിരിഞ്ഞ് 2.30ന് നടക്കും. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യും. വികാരി ജനറാൾ മോൺ.ജോസ് വല്ലൂരാൻ അധ്യക്ഷത വഹിക്കും. പബ്ലിക് റിലേഷൻസ് വകുപ്പ് സിൽവർ ജൂബിലി അവാർഡ് പി.ഐ ലാസർ മാസ്റ്റർക്ക് നൽകും.

അതിരൂപതയിലെ ഇടവകകളിൽ നിന്നുള്ള പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യും. അതിരൂപത ചാൻസിലർ ഫാ.ഡോ. ഡൊമിനിക്ക് തലക്കോടൻ മുഖ്യപ്രഭാഷണം നടത്തും.

ഏറ്റവും മികച്ച പിഎംആർ സേവനങ്ങളുമായി ഡോ. മൂപ്പൻസ് മെഡിക്കൽ കോളെജ്

കോഴിക്കോട്: കിടപ്പ് രോഗികൾക്കും അംഗവൈകല്യത്തെ തുടർന്ന് ബുദ്ധിമുട്ടുന്നവർക്കും ഏറ്റവും മികച്ച അത്യാധുനിക രോഗീ പരിചരണവും പുനരധിവാസവുമായി ഡോ.മൂപ്പൻസ് മെഡിക്കൽ കോളെജിലെ മൾട്ടി ഡിസിപ്ലിനറി ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (പിഎംആർ) വിഭാഗം. സംസ്ഥാനത്തെ തന്നെ ഏറ്റവും മികച്ച പിഎംആർ വിഭാഗങ്ങളിലൊന്നാണിതെന്നും പ്രതീക്ഷ നഷ്ടപെട്ട ആയിരക്കണക്കിന് രോഗികളാണ് ഇത് വഴി സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്തിയതെന്നും അധികൃതർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രമേഹം, പക്ഷാഘാതം, അവയവഛേദം, ഹൃദയാഘാതം തുടങ്ങിയ വിവിധ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർക്ക് സമയോചിതമായി ഏറ്റവും ഫലപ്രദമായ സേവനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഡോ.മൂപ്പൻസ് മെഡിക്കൽ കോളെജിലെ പിഎംആർ വിഭാഗത്തിന്റെ പ്രവർത്തനം. ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റ് കൺസൾട്ടന്റായ ഡോ.ബബീഷ് ചാക്കോയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് ഏറ്റവും അത്യാധുനിക ചികിത്സയാണ് നൽകുന്നത്. ഓരോ രോഗികളുടെയും രോഗ ചരിത്രം വ്യക്തമായി മനസിലാക്കി പ്രത്യേകമായാണ് ചികിത്സ നിശ്ചയിക്കുക. വൈകല്യങ്ങളെ തുടർന്ന് ബുദ്ധിമുട്ടുന്ന രോഗികളെ സാധാരണ ജീവിതത്തിലേക്ക് മടക്കിയെത്തിക്കുക എന്നതാണ് പിഎംആർ വിഭാഗത്തിന്റെ പ്രധാന ലക്ഷ്യം. മസ്കുലോസ്കെലെറ്റൽ രോഗങ്ങൾ, വിട്ടുമാറാത്ത വേദന, വിവിധ തരം സന്ധി വേദനകൾ തുടങ്ങിയ ബുദ്ധിമുട്ടുകളുള്ള ഭിന്നശേഷിക്കാർക്ക് വേണ്ടി ഒപിയിൽ നിന്ന് തന്നെ ചികിത്സ നൽകുന്ന മസ്കുലോസ്കെലെറ്റൽ റീഹാബിലിറ്റേഷൻ (ക്രോണിക് പെയിൻ) പ്രോഗ്രാമുകളാണ് മൂപ്പൻസ് മെഡിക്കൽ കോളെജിലെ പിഎംആർ വിഭാഗത്തിൽ ഉള്ളത്. കൈകാലുകൾ മുറിച്ച് മാറ്റിയ രോഗികൾക്ക് കൃത്രിമ അവയവങ്ങളുടെ സഹായത്തോടെ സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ പ്രാപ്തരാക്കുന്നതിനായി പ്രീ-പ്രൊസ്തെറ്റിക്, പ്രോസ്തെറ്റിക് പരിശീലനങ്ങളും പ്രമേഹ രോഗികൾക്കായി പ്രമേഹ പാദ പുനരധിവാസവും ഉൾപ്പെടെ നൽകുന്നുണ്ട്. നട്ടെല്ലിന് പരിക്കേറ്റ രോഗികളുടെ പുനരധിവാസം, സ്ട്രോക്ക് പുനരധിവാസം, മസ്തിഷ്ക ക്ഷത പുനരധിവാസം, മസ്തിഷ്കാഘാതങ്ങളുമായി ബന്ധപ്പെട്ട മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പരിഹരിക്കൽ, പരുക്ക്, അസുഖം അല്ലെങ്കിൽ വിട്ടുമാറാത്ത അവസ്ഥകൾ എന്നിവ കാരണം പ്രവർത്തന വൈകല്യമുള്ള കുട്ടികൾക്ക് പീഡിയാട്രിക് പുനരധിവാസം (സെറിബ്രൽ പൾസി പോലുള്ളവ) തുടങ്ങി നിരവധി ഇൻപേഷ്യന്റ് സേവനങ്ങളും ഇവിടെ ലഭിക്കും. കേടായ കോശങ്ങളെ സുഖപ്പെടുത്താൻ സഹായിക്കുന്നതിനുള്ള ഏറ്റവും അത്യാധുനിക റീജനറേറ്റീവ് തെറാപ്പിയായ പ്ലേറ്റ്ലറ്റ് റിച്ച് പ്ലാസ്മ തെറാപ്പിക്കുള്ള സൗകര്യവും പിഎംആർ വിഭാഗത്തിലുണ്ട്. വാർത്താ സമ്മേളനത്തിൽ ഡോ.മൂപ്പൻസ് മെഡിക്കൽ കോളെജ് ഓപ്പറേഷൻ വിഭാഗം ഡെപ്യൂട്ടി ജനറൽ മാനേജർ ഡോ.ഷാനവാസ് പള്ളിയാൽ, പിഎംആർ വിഭാഗം കൺസൾട്ടന്റുമാരായ ഡോ.ബബീഷ് ചാക്കോ, ഡോ.കെ.ഇ ഷാഹിൻ തുടങ്ങിയവർ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്ക് +91 8589000456 നമ്പറിൽ ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

ഫ്രാൻസിസിന് സാംസ്കാരിക നഗരിയുടെ ആദരാഞ്ജലി

തൃശൂർ: കേരള ലളിതകലാ അക്കാദമി മുൻ ചെയർമാനും പ്രശസ്ത ചിത്രകാരനുമായ കെ.എ ഫ്രാൻസിസിന് സാംസ്കാരിക നഗരി അന്ത്യാഞ്ജലിയർപ്പിച്ചു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം ലളിതകലാ അക്കാദമിയുടെ ആസ്ഥാന മന്ദിരത്തിൽ പൊതുദർശനത്തിന് വെച്ചപ്പോൾ നിരവധി പേർ ആദരാഞ്ജലിയർപ്പിക്കാനെത്തി. അക്കാദമി ചെയർമാൻ മുരളി ചീരോത്ത്, വൈസ് ചെയർപേഴ്സൺ എബി എൻ ജോസഫ്, സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ, മെമ്പർ സുനിൽ അശോകപുരം എന്നിവർ അന്തിമോപചാരമർപ്പിച്ചു. സാഹിത്യ അക്കാദമി സെക്രട്ടറി സി.പി അബൂബക്കർ, സംഗീത നാടക അക്കാദമി സെക്രട്ടറി കരിവള്ളൂർ മുരളി, ലളിതകലാ അക്കാദമി മുൻ സെക്രട്ടറിമാരായ ആർ. ഗോപാലകൃഷ്ണൻ, ശ്രീമൂലനഗരം മോഹൻ, മുൻ മെമ്പർമാരായ കെ.യു കൃഷ്ണകുമാർ, പോൾ കല്ലാനോട്, സംഗീത നാടക അക്കാദമി മുൻ സെക്രട്ടറി പി.വി കൃഷ്ണൻ നായർ, മുൻ എം.എൽ.എ. പി.എ മാധവൻ, ജോസ് ആലൂക്കാസ് തുടങ്ങിയവരും ആദരാഞ്ജലിയർപ്പിക്കാനെത്തി. കെ.എ ഫ്രാൻസിസിന്റെ വേർപാടിൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി അനുശോചിച്ചു. വസതിയിലെത്തി ഭൗതിക ശരീരത്തിൽ ഡിസിസി പ്രസിഡന്റ് ജോസ് വള്ളൂർ അന്ത്യമോപചാരമർപ്പിച്ചു. നേതാക്കളായ സുനിൽ അന്തിക്കാട്, കെ.എച്ച് ഉസ്മാൻഖാൻ, ഫ്രാൻസിസ് ചാലിശേരി എന്നിവരുമൊപ്പമുണ്ടായിരുന്നു.

നാട്ടാനകളെ കിട്ടാനില്ല, ഉത്സവ പ്രേമികൾ ആശങ്കയിൽ

തൃശൂർ: മധ്യകേരളത്തിലെ ഉത്സവ സീസൺ തുടങ്ങാനിരിക്കേ നാട്ടാനകളുടെ കുറവ് എഴുന്നെള്ളിപ്പിന് കടുത്ത പ്രതിസന്ധിയാകും. ആനകളുടെ ക്ഷാമത്തെ പരിഹരിക്കാനുള്ള മാർഗങ്ങളെ കുറിച്ചുള്ള ആലോചനയിലാണ് ഉത്സവ കമ്മിറ്റി ഭാരവാഹികൾ. ആനകളെ കൈമാറ്റം ചെയ്യാനുള്ള നിയമത്തിൽ ഭേദഗതി നടപ്പായെങ്കിലും ആനകളെ കൊണ്ടുവരാനുള്ള നടപടി ക്രമങ്ങൾ ഇതുവരെയും പൂർത്തിയായിട്ടില്ലാത്തതാണ് പ്രതിസന്ധിക്ക് പ്രധാന കാരണം. കേരളത്തിൽ നാട്ടാനകളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞു വരുന്നത് ആന പ്രേമികളെ ആശങ്കയ്ക്കിടയാക്കുന്നുണ്ട്.

പ്രായാധിക്യം, അനാരോഗ്യം, എരണ്ടക്കെട്ട്, പാദരോഗം എന്നിവയാണ് നാട്ടാനകളുടെ എണ്ണം കുറയാനിടയാക്കുന്നത്. ഇതിന് ബദലായി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് എഴുന്നെള്ളിപ്പുകൾക്ക് ആനയെ കൊണ്ടു വരാൻ അനുവാദമുള്ളത് ഉത്സവ കമ്മിറ്റികൾക്ക് ഏറെ ആശ്വാസമായിരുന്നു. നിലവിൽ കൊമ്പന്മാരും പിടിയാനകളുമടക്കം 423 നാട്ടാനകളാണ് കേരളത്തിലുള്ളത്. ഇതിൽ ഗുരുവായൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ ആനകളും പിടിയാനകളും ഒഴിച്ചാൽ വളരെ കുറച്ച് ആനകളെയാണ് എഴുന്നെള്ളിപ്പിന് ലഭിക്കൂവെന്ന് ഉത്സവ കമ്മിറ്റികൾ പറയുന്നു. പല ആനകളും നീരിലാകുന്നതോടെ ശരാശരി 180നും 200നും ഇടയിലുള്ള ആനകളെ മാത്രമേ എഴുന്നെള്ളിപ്പിന് കിട്ടുകയുള്ളൂ. എണ്ണം കുറവായതിനാൽ നിലവിൽ ലഭ്യമായ ആനകൾക്ക് ഉത്സവക്കാലത്ത് വിശ്ര

മമില്ലാതെ എഴുന്നെള്ളിപ്പുകളിൽ പങ്കെടുക്കേണ്ടി വരും. ഇത് ആനകളുടെ ആരോഗ്യത്തെ കാര്യമായി ബാധിക്കും. ലഭ്യമായ ആനകളെ ഉത്സവ കമ്മിറ്റി ഭാരവാഹികൾ ഇപ്പോഴേ ബുക്ക് ചെയ്ത് കഴിഞ്ഞു. ഗുരുവായൂർ ദേവസ്വത്തിന് 41 ആനകളുണ്ടെങ്കിലും പകുതിയോളം ഗജവീരന്മാരെ എഴുന്നെള്ളിപ്പിന് നൽകുന്നില്ല. കൊച്ചിൻ ദേവസ്വം ബോർഡിന് 6 ആനകൾ മാത്രമാണുള്ളത്. ദേവസ്വത്തിന്റെ സ്വന്തം ക്ഷേത്രങ്ങളിലെ ചടങ്ങ് നടത്താൻ പുറത്ത് നിന്ന് ആനകളെ കൊണ്ടുവരേണ്ട സ്ഥിതിയാണ്. കേരളത്തിൽ ഇപ്പോഴുള്ള നാട്ടാനകളിൽ നല്ലൊരുപങ്കും 40 വയസ് പിന്നിട്ടവയാണ്, നാട്ടാനകളിൽ പ്രായമേറുന്തോറും പലതരം ആരോഗ്യ പ്രശ്നങ്ങൾ കണ്ടുവരുന്നുണ്ട്. ഇവ നാട്ടാനകളുടെ ജീവനെടുക്കുകയാണെന്ന് ആന ചികിത്സകർ പറയുന്നു. 2018ൽ വനം വകുപ്പിന്റെ കണക്കനുസരിച്ച് 521 നാട്ടാനകൾ ഉണ്ടായിരുന്നെങ്കിൽ ഇപ്പോഴിത് 423 ആയി ചുരുങ്ങി.

കേന്ദ്ര വനം വകുപ്പ് മന്ത്രാലയം തമിഴ്നാട്ടിൽ അടുത്തിടെ യോഗം വിളിച്ചിരുന്നെങ്കിലും മാറ്റിവെക്കുകയായിരുന്നു. കേരളത്തിൽ നിന്ന്10 പേർ യോഗത്തിൽ പങ്കെടുക്കും. എന്നാൽ അടുത്ത തിയതി ഇതുവരെയും അറിയിച്ചിട്ടില്ല. നൂറോളം ആനകളെയെങ്കിലും കൊണ്ടുവരാൻ ആവശ്യപ്പെടാനാണ് കേരളത്തിൽ നിന്നുള്ള പ്രതിനിധികളുടെ തീരുമാനം. യോഗത്തിൽ ഈ ആവശ്യം ഉന്നയിച്ച് അധികൃതരുടെ അനുമതി വാങ്ങാമെന്നാണ് ഇവർ പ്രതീക്ഷിക്കുന്നത്.

വാഴകൾ കാട്ടാനക്കൂട്ടം നശിപ്പിച്ചു

ചാലക്കുടി: കൊന്നക്കുഴി വിരിപ്പാറയിൽ 200 ൽ അധികം കുലച്ച വാഴകൾ കാട്ടാനക്കൂട്ടം നശിപ്പിച്ചു.ഇന്നലെ രാത്രിയിലായിരുന്നു സംഭവം.ഏകദേശം കുറച്ചു മാസങ്ങൾക്കു മുമ്പ് സമാനമായ രീതിയിൽ കാട്ടാനക്കൂട്ടം കൃഷികൾ നശിപ്പിച്ചിരുന്നു.ഒരിടവേളയ്ക്കുശേഷമാണ് ഇന്നലെ രാത്രിയിൽ കൃഷിയിടം ലക്ഷ്യമാക്കി എത്തിയ കാട്ടാനക്കൂട്ടം കുലച്ച 200 ൽ അധികം വാഴകൾ നശിപ്പിച്ചത്.നിരന്തരം വിരിപ്പാറയിൽ കാട്ടാനക്കൂട്ടത്തിന്റെ ശല്യം കർഷകർ അനുഭവിക്കുകയാണ്. മലയോര മേഖലയിലെ കർഷകർ നിരന്തരം നേരിടുന്ന പ്രധാന പ്രശ്നം കാരണം വലിയ നഷ്ടമാണ് കർഷകർ നേരിടുന്നത്. .പടിഞ്ഞക്കരെ ലാസർ, കമുങ്ങത്ത് മനോജ് ,അച്ചാടൻ ജോസ്,ആചാടൻ മാത്തൂ എന്നിവരുടെ കൃഷിയിടങ്ങളിലാണ് സ്ഥിരമായി കാടാനുകൾ ഇറങ്ങി നാശനഷ്ടം ഉണ്ടാക്കുന്നത്. നബാർഡിന്റെ സഹായത്തോടെയുള്ള സൗരോർജ വേലി യാഥാർത്ഥ്യമായാൽ കാട്ടാന വരുന്നതിന് ഒരു പരിഹാരം ഉണ്ടാകുമെന്നാണ് കർഷകരുടെ പ്രതീക്ഷ. വന്യമൃഗശല്യം മൂലം ദുരിതമനുഭവിക്കുന്ന കർഷകരെ അവഗണിക്കുന്നസർക്കാരിനെതിരെ പ്രതിഷേധങ്ങൾക്ക് ഒരുങ്ങുകയാണ് പ്രദേശവാസികൾ.

കണ്ടശാംകടവ് വടക്കേ കാരമുക്ക് സെന്റ് ആന്റണീസ് പള്ളിയിലെ തിരുന്നാളിന്റെ ഭാഗമായുള്ള ദീപാലങ്കാരം. ശനി, ഞായർ തിയ്യതികളിലാണ് തിരുന്നാൾ

വ്യാപാരിമിത്ര ധനസഹായം

തൃശൂർ: സംസ്ഥാന വ്യാപാരി വ്യവസായി സമിതി വ്യാപാരി മിത്ര പദ്ധതിയിൽ അംഗമായ ചേലക്കോട്ടുകര സ്വദേശി റോജം ഈനാശുവിന്റെ മരണത്തെ തുടർന്ന് കുടുംബത്തിന് ധനസഹായം നൽകി. 5 ലക്ഷം രൂപയുടെ ചെക്ക് മകൻ സി.ഐ ദേവസിക്ക് കേരള ബാങ്ക് വൈസ് പ്രസിഡന്റ് എം.കെ കണ്ണൻ കൈമാറി. സമിതി ജില്ലാ പ്രസിഡന്റ് വിജയ് ഹരി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി മിൽട്ടൺ ജെ.തലക്കോട്ടൂർ മുഖ്യപ്രഭാഷണം നടത്തി.

ബിനി ടൂറിസ്റ്റ് ഹോം: വിവാദങ്ങൾക്കൊടുവിൽ ടെണ്ടർ അംഗീകരിച്ച് ഹൈക്കോടതി

തൃശൂർ: കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ബിനി ടൂറിസ്റ്റ് ഹോം ടെണ്ടർ നടപടികൾ ചോദ്യം ചെയ്തും മുനിസിപ്പൽ കൗൺസിൽ തീരുമാനങ്ങളെ ചോദ്യം ചെയ്തും പഴയ ലൈസൻസി ഓമന അശോകനും ബിജെപി, കോൺഗ്രസ് കൗൺസിലർമാരും നൽകിയ ഹർജികൾ കേരള ഹൈക്കോടതി തള്ളി. നിലവിലെ കരാറുകാരൻ ജനീഷ് ഹൈക്കോടതി അഭിഭാഷകനായ എം.ആർ. ധനിൽ മുഖേന നൽകിയ ഹർജികൾ അംഗീകരിച്ചാണ് ഹൈകോടതി ഉത്തരവായത്.2020 ൽ പഴയ ലൈസൻസി സറണ്ടർ ചെയ്ത തൃശൂരിലെ പ്രശസ്തമായ ബിനി ടൂറിസ്റ്റ് ഹോം നടത്തിപ്പിനായി പലതവണ കോർപ്പറേഷൻ ടെണ്ടർ വിളിച്ചിട്ടും തീരുമാനമായിരുന്നില്ല.

2022 ൽ ഓഫർ ടെണ്ടർ മുഖേന കരാർ ആയെങ്കിലും, പഴയ കരാറുകാരൻ അവകാശ വാദങ്ങൾ ഉന്നയിച്ച് മുന്നോട്ട് വന്നത് വിഷയം കൂടുതൽ സങ്കീർണ്ണമാക്കി.ഈ ബിൽഡിംഗ് റിപ്പയർ വർക്കും റിനോ വേഷൻ വർക്കും ഒരുമിച്ച് നടത്തണം എന്ന കരാറുകാരന്റെ ആവശ്യം കോർപ്പറേഷൻ അംഗീകരിച്ചിരുന്നു. എന്നാൽ കേസ് നടപടികൾ മൂലം മുന്നോട്ട് പോകുവാൻ കഴിഞ്ഞിരുന്നില്ല. വളരെ നാളത്തെ വാശിയേറിയ നിയമ പോരാട്ടത്തിനൊടുവിലാണ് ഹൈക്കോടതി വിധി ഉണ്ടായത്. ടെണ്ടർ നടപടികൾ നിയമപരമാണെന്ന് ഹൈക്കോടതി വിലയിരുത്തി. ടെണ്ടർ നടപടികലും ആയതിനെ സംബന്ധിച്ച മേയറുടെ നടപടികലും കോർപ്പറേഷന്റെ താത്പര്യം സംരക്ഷിക്കുന്നതാണെന്ന് ഹൈക്കോടതി പരാമർശിച്ചു .

കൗൺസിൽ യോഗത്തിൽ ചില കൗൺസിലർമാർ നടത്തിയ പ്രവർത്തികലും മേയറുടെ കഴുത്തിൽ പിടിച്ച് തള്ളി വീഴ്ത്തിയ നടപടികലും വിലയിരുത്തിയ കോടതി കൗൺസിലർമാരുടെ നടപടികൾ നിയമപരമല്ലെന്ന് കണ്ടെത്തി . ലൈസൻസിയെ തിരഞ്ഞെടുത്തതിൽ വീഴ്ചയിലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. പഴയ ലൈസൻസിയുടെ ജനറേറ്ററും ട്രാൻസ്ഫോർമറും ഈ മാസം 20 നകം നീക്കം ചെയ്യുവാൻ നിർദ്ദേശിച്ച ഹൈക്കോടതി ബിനി ടൂറിസ്റ്റ് ഹോ ം ലൈസൻസിക്ക് കൈമാറുവാനും റിപ്പയർ റിനോവേഷൻ വർക്കുകലുമായി കോർപ്പറേഷന് മുന്നോട്ട് പോകാമെന്നും വ്യക്തമാക്കി

ഭാര്യയേയും മകനേയും അപായപ്പെടുത്താൻ ശ്രമിച്ച യുവാവ് പിടിയിൽ

ചാലക്കുടി: ഭാര്യയേയും മകനേയും അപായപ്പെടുത്താൻ ശ്രമിച്ച യുവാവ് പിടിയിലായി. ഇടുക്കി വെങ്ങല്ലൂർ സ്വദേശി എടത്തിപറമ്പിൽ അജ്മലിനെ (25) എസ്എച്ച്ഒ ബി.കെ.അരുൺ അറസ്റ്റ് ചെയ്തു. കുടുംബ വഴക്കിനെ തുടർന്ന് ഭാര്യയെ ബൈക്കിടിപ്പിച്ചും മകനെ കത്തി ഉപയോഗിച്ചും അപായപ്പെടുത്താൻ ശ്രമിച്ചതെന്ന് പറയപ്പെടുന്നു. മുരിങ്ങൂരിൽ വാടകയ്ക്കു താമസിക്കുന്നവരാണ്. അജ്മൽ കഞ്ചാവ് കേസിലടക്കം പ്രതിയാണെന്ന് പൊലീസ് പറഞ്ഞു.

കൊടും കുറ്റവാളിയെ കാപ്പ പ്രകാരം തടങ്കലിലാക്കി

തൃശൂർ: പാവറട്ടി പൊലീസ് സ്റ്റേഷനിലും സമീപ സ്റ്റേഷനുകളിലും കഞ്ചാവ്, മയക്കുമരുന്ന്, മോഷണം, കവർച്ച, തട്ടിക്കൊണ്ടുപോകൽ എന്നീ കേസുകളിലെ പ്രതിയായ യുവാവിനെ കാപ്പ പ്രകാരം തടങ്കലിലാക്കി. കുണ്ടഴിയൂർ പാടൂർ മമ്മസ്ര ഇല്ലത്ത് വീട്ടിൽ സിയാദിനെ (26) ആണ് ജില്ലാ കലക്ടർ വി.ആർ കൃഷ്ണ തേജയുടെ ഉത്തരവ് പ്രകാരം വിയ്യൂർ സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിലാക്കിയത്. ഇയാൾ 25ഓളം ക്രിമിനൽ കേസുകളിലെ പ്രതിയാണ്. കഴിഞ്ഞ മാസം അന്തിക്കാട് പൊലീസ് സ്റ്റേഷൻ പരിധിയിൽ പൊലീസിനെ ഭീഷണിപ്പെടുത്തി കത്തിയെടുത്ത് സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരുന്നു. കാപ്പ ചുമത്തൽ നടപടികൾക്കായി പാവറട്ടി എസ്എച്ച്ഒ എം.കെ. രമേശിന്റെ നേതൃത്വത്തിലുള്ള കാപ്പാ ടീം അംഗങ്ങളായ ലാൽ ബഹദൂർ, അഭിഷേക്, സൗമ്യ എന്നിവർ പ്രവർത്തിച്ചു.

സിയാദ് കെ.എ.

CHANGE OF NAME

I, ABDUL LATHIF holder of Passport No. L6075980 do hereby change my name to ABDUL LATHEEF, EDAKUDATHIL HOUSE,P. O. MALA, NEITHAKUDY, THRISSUR, KERALA, INDIA.

CHANGE OF NAME

I NISHI (NAME AS IN MY PASSPORT NO : V 7597534), RESIDING AT PATTALY HOUSE, ENGANDIYUR, THRISSUR -680615 - KERALA, DO HEREBY CHANG MY NAME "NISHI SANKARANKUTTY KRISHNAN" (NAME AS PER S S L C, BANK PASSBOOK) WITH IMMEDATE EFFECT.

പ്രതീകാത്മക ജപ്തി നോട്ടീസ്

ICICI Home Finance

രെജി. ഓഫീസ് : ഐസിഐസിഐ ബാങ്ക് ടവേഴ്സ് , ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര ഈസ്റ്റ് മുംബൈ- 400051

കോർപറേറ്റ് ഓഫിസ് : ഐസിഐസിഐ എച്ച് എഫ് സി ടവർ, ജെ ബി നഗർ, അന്ധേരി കുർള റോഡ്, അന്ധേരി ഈസ്റ്റ് മുംബൈ - 400059

ശാഖാ ഓഫീസ് : ഒന്നാം നില, സുന്ദർ ടവർ, 24/868(3), നിസ്സാൻ പിനാക്കിളിന് സമീപം , കുന്നത്തൂർമേട് പോസ്റ്റ്, പാലക്കാട് -678013

താഴെപ്പറയുന്നതെന്തെന്നാൽ

നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫിസർ ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡ് 2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് സെക്ഷൻ 13(12) റൂൾ 3 ചേർത്തു വായിക്കുക, കീഴിൽ അനുവദിച്ചിട്ടുള്ള അധികാരമുപയോഗിച്ച് താഴെപ്പറയുന്ന വായ്പക്കാർ 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടക്കണമെന്നു വ്യക്തമാക്കിക്കൊണ്ടുള്ള ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു.

എന്നാൽ വായ്പക്കാരൻ വായ്പ്പാക്കുടിശിക തിരിച്ചടക്കാത്തതിനാൽ സെക്ഷൻ 13(4) റൂൾ 8 ചേർത്തു വായിക്കുക പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകൃത ഓഫിസർ ജാമ്യം നൽകിയിരിക്കുന്ന വസ്തുവിന്റെ ജപ്തി നടത്തിയതായി ഈ നോട്ടീസിലൂടെ വായ്പക്കാരനെയും പൊതുജനങ്ങളെയും അറിയിക്കുന്നു. താഴെപ്പറയുന്ന ജാമ്യവസ്തുവിൽ യാതൊരു വിധത്തിലുള്ള ഇടപാടുകളും അനുവദിക്കില്ലെന്നും അത്തരത്തിൽ സംഭവിച്ചാൽ ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന് ചാർജ് ചെയ്യാവുന്നതാണെന്നും വായ്പ്പക്കാരനെയും പൊതുജനങ്ങളെയും അറിയിക്കുന്നു.

| Sr. No. | വായ്പ്പക്കാരന്റെ , സഹ വായ്പ്പക്കാരൻ പേര്/ ലോൺ അക്കൗണ്ട് നമ്പർ | വസ്തുവിന്റെ വിശദവിവരങ്